**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2112 — 05.05.2017 ന് മറുപടിയ്ക്ക്.

**<u>അഗസ്ത്യാർകൂട സന്ദർശനത്തിന് സ്ത്രീകൾക്ക് അനുമതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അഗസ്ത്യാർകൂട സന്ദർശനത്തിന് സ്ത്രീകൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ | (എ) ഉണ്ട്. 2017 ഫെബ്രുവരി മാസത്തിലെ അഗസ്ത്യാർകൂടം തീർത്ഥാടന വേളയിൽ പെണ്ണൊരുമ എന്ന സംഘടന സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ചർച്ച നടത്തുകയും, തുടർന്ന് പരീക്ഷണാടിസ്ഥാനത്തിൽ 10 പേരടങ്ങുന്ന സ്ത്രീ സംഘത്തെ 2017 ഫെബ്രുവരി 25-ന് അഗസ്ത്യാർകൂടം ട്രെക്കിംഗിന് പ്രവേശനം അനുവദിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. വനത്തിലെ ആദിവാസികളുടെ ആചാര വിശ്വാസങ്ങൾ കൂടി കണക്കിലെടുത്ത് 2018-ലെ അഗസ്ത്യാർകൂടം ട്രെക്കിംഗിന് സ്ത്രീകളെ (ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ) പ്രവേശിക്കാൻ അനുവദിക്കുന്നതാണെന്ന് തീരുമാനിച്ചു. എന്നാൽ സ്ത്രീകൾ ആരും തന്നെ 2017 ഫെബ്രുവരി മാസത്തിലെ തീർത്ഥാടന വേളയിൽ അഗസ്ത്യാർകൂടം സന്ദർശിച്ചിട്ടില്ല. |
| (ബി) അഗസ്ത്യാർകൂട സന്ദർശനവേളയിൽ സ്ത്രീകൾ അതിരുമല വരെ പോകുന്നതിന് കോടതി അനുമതി നൽകിയെന്ന റിപ്പോർട്ട് ശരിയാണോ; | (ബി) അഗസ്ത്യാർകൂട സന്ദർശനവേളയിൽ സ്ത്രീകൾ അതിരുമല വരെ മാത്രം പോകുന്നതിന് കോടതി അനുമതി നൽകിയെന്ന റിപ്പോർട്ട് ശരിയാണ്. |
| (സി) പുരുഷൻമാരെപ്പോലെ ഇവർക്കും മലകയറുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (സി) 24.02.2017-ന് വനം വന്യജീവി വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളിലൊന്ന് വനത്തിലെ ആദിവാസികളുടെ ആചാര വിശ്വാസങ്ങൾ കൂടി കണക്കിലെടുത്ത് 2018-ലെ അഗസ്ത്യാർകൂടം ട്രെക്കിംഗിന് സ്ത്രീകളെ (ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങൾക്ക് ഭംഗം വരാത്ത രീതിയിൽ) കോടതി ഉത്തരവുകൾക്ക് വിധേയമായി പ്രവേശിക്കാൻ അനുവദിക്കുന്നതാണെന്നതാണ്. |

സെക്ഷൻ ഓഫീസർ